19 (*329) ഗിരിവർഗ്ഗ കോളനികളിൽ സൗജന്യ റേഷനും വൈദ്യസഹായവും നൽകാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗിരിവർഗ്ഗ കോളനികളിൽ കാലവർഷംമൂലം പട്ടിണി വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളിൽ സൗജന്യ റേഷനും വൈദ്യസഹായവും എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഗിരിവർഗ്ഗ കോളനികളിൽ മാരക രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

20 (*330) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ്രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങൾക്ക് ഇപ്പോൾ ഫീസ് കൂടുതൽ ഈടാക്കിവരുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശം നൽകുമോ:

(സി) സബ്രജിസ്ട്രാർ ഓഫീസുകളിൽ അഴിമതിയും കൈക്കൂലിയും നടക്കുന്നതായുള്ള ആക്ഷേപം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സബ്രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസിന്റെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ പ്രധാന ജോലികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സബ്രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1/1/1996-നുശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങൾക്ക് കേരള മുദ്രപത്രനിയമം 45(ബി) പ്രകാരം ഫീസ് ഈടാക്കിവരുന്നുണ്ട്.

(സി) സബ്രജിസ്ട്രാർ ഓഫീസുകളിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും തയ്യാറാക്കുന്ന ആധാര പകർപ്പുകൾ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ചുള്ള ലിസ്റ്റ് പൊതു ജനങ്ങൾ അറിയുന്നതിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും എല്ലാ സബ്രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അഴിമതി തടയാൻ പ്രധാനമായും കാരണമായ വസ്തുവിലയുടെ കാര്യത്തിൽ ഫെയർ വാല്യു നിശ്ചയിക്കുന്നതിന് പ്രത്യേക സമിതി നൽകിയ റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്.

(ഡി) രജിസ്ട്രേഷൻ വകുപ്പിലെ ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണം ഫലപ്രദമല്ലെന്ന് തോന്നുന്ന കേസുകളിൽ അങ്ങനെയുള്ള പരാതികൾ സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

21 (*331) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം

ശ്രീ. പി. വിശ്വൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾക്കാണ് 'കൺസോർഷ്യ'ത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്നതും സാമ്പത്തികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് വായ്പ നൽകുന്നതിനായി സഹകരണ

LIBRARY ARCHIVES Kerala Legislative Assembly